മുദ്രകൾ

# ആരിഫ് മുഹമ്മദ് ഖാൻ ആരുടെ കുഴലൂത്തുകാരനാണ്?



ജാമിഅ നഗറിൽനിന്ന്

**ജാമിഅ** നഗറിലെ ഏറ്റുമുട്ടൽ നാടകങ്ങളുടെ ചുരുളഴിഞ്ഞുകൊണ്ടിരിക്കുമ്പോഴും, പ്രദേശവാസികളെയും അവിടെ പ്രവർത്തിക്കുന്ന സംഘടനകളെയും ഭീകരവാദികളാക്കിയേ അടങ്ങൂ എന്ന് വാശിപിടിക്കുന്ന ചിലരുണ്ട്. തെളിവുകളൊന്നും അവർക്ക് പ്രശ്നമല്ല. അക്കൂട്ടത്തിലൊരാളാണ് ആരിഫ് മുഹമ്മദ് ഖാൻ. 'ജാമിഅയെ ആരാണ് ഹൈജാക്ക് ചെയ്തത്' എന്ന തലക്കെട്ടിൽ *ഇന്ത്യൻ എക്സ്പ്രസ്സിൽ* (2008 ഒക്ടോബർ 1) അദ്ദേഹം ഒരു കുറിപ്പ് എഴുതിയിട്ടുണ്ട്. പേഴ്സണൽ ലോ ബോർഡ്, മുസ്‌ലിം മജ്‌ലിസെ മുശാവറ, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ രണ്ട് ഡസനിലേറെ സംഘടനകളുടെ പ്രവർത്തനങ്ങളാണ് ജാമിഅ നഗറിലെയും ജാമിഅ മില്ലിയ്യയിലെയും സകല കുഴപ്പങ്ങൾക്കും കാരണം എന്നാണ് ടിയാന്റെ കണ്ടെത്തൽ. നിരോധിത സിമിയുടെ തത്ത്വശാസ്ത്രം ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് കടംകൊണ്ടതാണെന്നും തട്ടിവിടുന്നു. ഈ സംഘടനകളെല്ലാം സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയല്ലാതെ, മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കോ സാമൂഹിക പരിവർത്തനത്തിനോ യാതൊന്നും ചെയ്തില്ലെന്നും കുറ്റപ്പെടുത്തുന്നു.

പരാമർശിക്കപ്പെട്ട മൂന്ന് സംഘടനകളെയും ഒന്നിച്ച് പറഞ്ഞതിൽ തന്നെ അപാകതയുണ്ട്. മുസ്‌ലിം വ്യക്തിനിയമങ്ങൾ പരിരക്ഷിക്കാൻ വേണ്ടി 1973-ൽ സ്ഥാപിതമായ മുസ്‌ലിം സംഘടനകളുടെ കൂട്ടായ്മയാണ് മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്. മുസ്‌ലിം സമൂഹത്തിന്റെ ഐഡന്റിറ്റിയും ഭരണഘടനാപരമായ അവകാശങ്ങളും സംരക്ഷിക്കുന്നതിന് 1964ലാണ് മുസ്‌ലിം മജ്‌ലിസെ മുശാവറ രൂപവത്കരിച്ചത്. അതും മുസ്‌ലിം സംഘടനകളുടെ ഒരു കൂട്ടുസംരംഭം തന്നെ. ജമാഅത്തെ ഇസ്‌ലാമി ഇതിൽ രണ്ടിലും ഭാഗഭാക്കാണ്. നിർണിത ലക്ഷ്യത്തിനു വേണ്ടി രൂപവത്കരിക്കപ്പെട്ട ഇത്തരം പൊതുവേദികളോട് വിദ്യാഭ്യാസ കാര്യത്തിൽ എന്തു ചെയ്തു എന്ന് ചോദിക്കുന്നതിൽ അർഥമില്ല.

പിന്നെയുള്ളത് ജമാഅത്തെ ഇസ്‌ലാമിയാണ്. കഴിഞ്ഞ ആറു പതിറ്റാണ്ടായി ഇന്ത്യയിലെ അവശവിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിയാവുന്ന എല്ലാ സേവനങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന സംഘടനയാണിത്. ഏറ്റവുമൊടുവിൽ ഇന്ത്യൻ മുസ്‌ലിംകളുടെ വിദ്യാഭ്യാസ പുരോഗതി മുഖ്യലക്ഷ്യമാക്കി ജമാഅത്ത് രൂപം കൊടുത്തതാണ് 'വിഷൻ 2016'. വസ്തുതകളൊന്നും ആരിഫ് മുഹമ്മദ് ഖാന് പഥ്യമല്ല. ജാമിഅ മില്ലിയ്യ, ദാറുൽ ഉലൂം ദയൂബന്ദ് തുടങ്ങിയ സ്വാതന്ത്ര്യപോരാട്ടങ്ങളിൽ നിർണായക പങ്കു വഹിച്ച സ്ഥാപനങ്ങളെ ഭീകര മുദ്രയടിക്കുക എന്ന സംഘ്പരിവാർ അജണ്ടയുടെ കുഴലൂത്തുകാരനാവുകയാണ് ഈ മുൻ കേന്ദ്രമന്ത്രി. അതുകൊണ്ടാണ്, ജാമിഅ നഗർ ഏറ്റുമുട്ടൽ വ്യാജമാണെന്ന് അന്വേഷണ സംഘങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴും തദ്ദേശവാസികളെ ഇകഴ്ത്തിക്കൊണ്ട് ഇങ്ങനെയൊരു കുറിപ്പ് അദ്ദേഹത്തിന് എഴുതാൻ കഴിഞ്ഞത്. ■

# ഗർഭധാരണം ബുദ്ധിയുടെ മൂർച്ച കൂട്ടും

**ഗർഭധാരണം** സ്ത്രീകളുടെ ബുദ്ധിശക്തി വർധിപ്പിക്കുകയും മസ്തിഷ്ക രോഗങ്ങളെ ചെറുക്കുകയും ചെയ്യുമെന്ന് പുതിയ പഠനം. ഇതിനു മുമ്പ് ഈ വിഷയത്തിൽ നടന്ന മിക്ക പഠനങ്ങളും ഗർഭ



ധാരണം സ്ത്രീയുടെ ബുദ്ധികൂർമത യെയും ക്രയശേഷിയെയും പ്രതികൂല മായി ബാധിക്കും എന്നാണ് കണ്ടെത്തി യിരുന്നത്. അതിനാലാണ് പുതിയ പഠ നത്തിന് വാർത്താ പ്രാധാന്യം കൈവന്ന ത്.

വെർജീനിയയിലെ റിച്ച്മണ്ട് യൂനി വേഴ്സിറ്റിയാണ് പഠനം നടത്തിയത്. പഠ നഫലങ്ങൾ ബ്രിട്ടീഷ് പത്രമായ *സൺഡെ ടൈംസ്* (12.8.2008) പ്രസിദ്ധീ കരിച്ചു. ലണ്ടനിലെ ഹാമർസ്മിത്ത് ആശുപത്രിയിലെ ഡോക്ടർ അൻജല ഓട്രിഡ്ജ് 2002-ൽ നടത്തിയ പഠനത്തിൽ, ഗർഭകാലം സ്ത്രീയുടെ തലച്ചോറിനെ ദോഷകരമായി ബാധിക്കുമെന്ന് സ്ഥാപി ച്ചിരുന്നു. കുടുംബമില്ലാതെ ഒറ്റക്ക്കഴിയാൻ തൊഴിലെടുക്കുന്ന പല സ്ത്രീകൾക്കും ഇത്തരം പഠനങ്ങൾ പ്രേരണയാവുകയും ചെയ്തു. ഗർഭകാലത്ത് സ്ത്രീയുടെ തലച്ചോറിലുണ്ടാകുന്ന മാറ്റങ്ങൾ ദോഷകരമല്ലെന്നാണ് പുതിയ കണ്ടെത്തൽ. മസ്തിഷ്കം നാലു ശതമാനം ചുരുങ്ങുന്നത് മാതൃത്വത്തിന് വേണ്ടി ശരീരത്തെ തയാറാക്കാനാണ്. ഇതൊരു താൽക്കാലിക ഘട്ടം മാത്രം. അതുകഴിഞ്ഞ് മസ്തിഷ്കം പൂർവസ്ഥിതിയിലാ വുക മാത്രമല്ല, അതിന്റെ മൂർച്ച വർധിക്കുകയും ചെയ്യുന്നു. "രോഗങ്ങളെ പ്രതിരോധിക്കാനും ഒരു പരിധിവരെ ഈ രാസ മാറ്റം കൊണ്ട് സാധ്യമാവുന്നു" പുതിയ പഠനത്തിന് നേതൃത്വം നൽകിയ പ്രഫ. ക്രെയ്ഗ് കിൻസ്‌ലി പറഞ്ഞു.

എലികളിൽ നടത്തിയ പരീക്ഷണത്തിൽ, പ്രസവിച്ച എലി കൾ പ്രസവിക്കാത്ത എലികളേക്കാൾ ഇരപിടിക്കുന്നതിലും മറ്റും കൂടുതൽ ചടുലത പ്രദർശിപ്പിക്കുന്നതായി കാണാൻ കഴി ഞ്ഞു. ■

# ഖറദാവിയുടെ ശീഈ വിരുദ്ധ പ്രസ്താവന അനവസരത്തിലെന്ന്

**"ശീഈകൾ** മുസ്‌ലിംകൾതന്നെയാണ്. പക്ഷേ അവർ പല അനാചാരങ്ങളും ഇസ്‌ലാമിൽ കടത്തിക്കൂട്ടിയവരാണ്. അറ ബ്‌ലോകത്ത് ശീഈസം പ്രചരിപ്പി ക്കാനും അങ്ങനെ സുന്നീ സമൂഹത്തെ ശിഥിലമാക്കാനും അവർ ശ്രമിച്ചുകൊണ്ടി രിക്കുന്നു"- ലോക ഇസ്‌ലാമിക പണ്ഡി തസഭയുടെ അധ്യക്ഷനായ ഡോ. യൂസു ഫുൽ ഖറദാവി ഈജിപ്തിലെ ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖ ത്തിൽ നടത്തിയ ഈ പരാമർശങ്ങൾ ഉയർത്തിവിട്ട വിവാദങ്ങൾ അറബ്-ഇറാ നിയൻ മീഡിയയിൽ ഇനിയും കെട്ടടങ്ങി യിട്ടില്ല. ഖറദാവിയെ അനുകൂലിച്ചും പ്രതി കൂലിച്ചും നിരവധി പേർ രംഗത്തുവന്നു. ശീഈ വിഭാഗങ്ങളെക്കുറിച്ച് അഹ്‌ലുസ്സു ന്നത്തി വൽജമാഅത്ത് എന്ന സുന്നീ പൊതുധാരയുടെ ഏകോപിച്ച അഭിപ്രാ യമാണ്, ആ വിഭാഗങ്ങൾക്ക് വിശ്വാസപ രമായ പല വൈകല്യങ്ങളും സംഭവിച്ചി ട്ടുണ്ട് എന്നത്. അത് ഉദ്ധരിക്കുക മാത്ര മാണ് ഖറദാവി ചെയ്തത്. എങ്കിലും അത്തരമൊരു പരാമർശം അനവസരത്തി ലായിപ്പോയി എന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

ഈജിപ്ത്, സിറിയ തുടങ്ങിയ നാടുകളിൽ ശീഈ വിശ്വാസപ്രചാരണം ഊർജിതമായി നടക്കുന്നു എന്ന വാർത്ത യാവണം ഇത്തരമൊരു പ്രസ്താവന നട ത്താൻ ഖറദാവിക്ക് പ്രേരണയായിട്ടുണ്ടാ വുക. ഈ വാർത്തയിൽ വലിയ കഴമ്പി ല്ലെന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.



**ഖറദാവിയും വിലായതിയും**

ഖറദാവി നേതൃത്വം നൽകുന്ന പണ്ഡിതസമിതിയുടെ ഉപാധ്യക്ഷനും ശീഈ നേതാവുമായ മുഹമ്മദലി തസ്ഖീരി ഇക്കാര്യങ്ങളൊക്കെ ചൂണ്ടിക്കാട്ടി പ്രസ്താ വന പിൻവലിക്കാൻ അഭ്യർഥിക്കുകയുണ്ടായി. ഖറദാവി വിഭാവനം ചെയ്യുന്ന ലോക മുസ്‌ലിം ഐക്യത്തിന് ഇത് തടസ്സമാവുമെന്നും വിഭാഗീയത വളരാൻ ഇടമൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇത്തരം കാര്യങ്ങൾ മീഡിയയോട് വിളിച്ച് പറയേണ്ടിയിരുന്നില്ല എന്നാണ് ലണ്ടനിലെ ഇസ്‌ലാമിക് പൊളിറ്റിക്കൽ തോട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അസ്സാം തമീമിയുടെ അഭിപ്രായം. മീഡിയ അവർക്ക് തോന്നുംപോലെ പ്രസ്താവനയെ പൊലിപ്പിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യും: "ഫലസ്ത്വീൻ പ്രശ്നത്തിൽ സുന്നീ ഗ്രൂപ്പുകളേക്കാൾ ക്രിയാത്മകമായി ഇടപെടുന്നത് ഇറാനും ഹിസ്ബു ല്ലയുമാണ്. അവർ ഫലസ്ത്വീനികൾക്കിടയിൽ ശീഈ വിശ്വാസം പ്രചരിപ്പി ക്കാൻ ശ്രമിക്കുന്നതായി എനിക്കറിയില്ല" -അദ്ദേഹം പറഞ്ഞു.

ഖറദാവി തന്റെ പ്രസ്താവന പിൻവലിച്ചില്ലെങ്കിലും നിലപാട് മയപ്പെടു ത്താനും ശീഈ നേതാക്കളുമായി ആശയവിനിമയം നടത്താനും തയാറായി. ഈയിടെ ദോഹയിൽ ചേർന്ന ആറാം ഖുദ്സ് സമ്മേളനത്തിൽ പങ്കെടുക്കാ നെത്തിയ ഇറാനിയൻ ആത്മീയ നേതാവായ ഖാംനാഇയുടെ ഉപദേഷ്ടാവ് അലി അക്ബർ വിലായത്തിയുമായി അദ്ദേഹം ദീർഘനേരം സംഭാഷണം നട ത്തുകയുണ്ടായി. ■